നം.ഇ.ഇ5-63646/2007/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയതി 12.3.2012.

## സർക്കുലർ

വിഷയം:- 10.11.2008 മുതൽ 24.2.2012 വരെയുള്ള കാലയളവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 കേഡറിലേക്ക് നൽകിയ താൽക്കാലിക പ്രമോഷൻ റെഗുലറൈസ് ചെയ്യുന്നത് - സംബന്ധിച്ച് -

സൂചന:- 1. ഉത്തരവ് നമ്പർ.ഇ.എസ്3-73956/06/ആ.വ.ഡ. തീ.25.10.07.

2. ഉത്തരവ് നമ്പർ.ഇ.ഇ5-63646/2007/ആ.വ.ഡ. തീ.10.11.2008.

.....

1990-2002 കാലയളവിൽ സർവ്വീസിൽ പ്രവേശിച്ച സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 മാരുടെ സീനിയോറിറ്റി ലിസ്റ്റ് മേൽ സൂചന(1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ ലിസ്റ്റിൽ ആകെ 3895 പേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ ലിസ്റ്റിലെ 1 മുതൽ 3459 വരെയുള്ള റാങ്കുകാരെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ആയി മേൽ സൂചന (2) പ്രകാരം താൽക്കാലിക ഉദ്യോഗകയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഉത്തരവ് തീയതിയായ 10.11.2008 മുതലാണ് ഉദ്യോഗകയറ്റത്തിന് പ്രാബല്യമായി നൽകിയിട്ടുള്ളത്.

ഇപ്രകാരം താൽക്കാലിക ഉദ്യോഗകയറ്റം നൽകപ്പെട്ടവരിൽ ആരെങ്കിലും ഉത്തരവിറങ്ങിയ സമയത്ത് ദീർഘകാല ശൂന്യവേതനാവധിയിലാണെങ്കിൽ അവർക്ക് നൽകുന്ന പ്രമോഷൻ സ്വാഭാവികമായി റദ്ദാവുന്നതായിരിക്കുമെന്ന് ഉത്തരവിൽ വ്യക്തമായിട്ടുള്ളതാണ്. അതിൻ പ്രകാരം ശൂന്യവേതനാവധി കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ച് സ്റ്റാഫ് നഴ്സുമാരെ അവർ പിന്നീട് നൽകിയ അപേക്ഷ പ്രകാരം പ്രൊവിഷണൽ പ്രമോഷൻ നൽകി അവർ പുനഃപ്രവേശിച്ച തീയതിയുടെ ലിസ്റ്റിലെ ക്രമനമ്പർ 3359.ന് ശേഷം യഥാസ്ഥാനത്ത് ചേർത്തിട്ടുണ്ട്. പ്രമോഷൻ തീയതിയായ 10.11.2008.ൽ ഇവർ സർവ്വീസിലില്ലാതിരുന്നതിനാൽ ലീവിന് ശേഷം പുനഃപ്രവേശിച്ച തീയതി മുതലുള്ള സീനിയോറിറ്റി മാത്രമേ സ്റ്റാഫ് നഴ്സ് ഗ്രേഡ്-1.ൽ ഇവർക്ക് ലഭിക്കുകയുള്ളൂ. ഇപ്രകാരം ഇതുവരെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

എന്നാൽ എൽ.ഡബ്ല്യു.എ.യിലായിരുന്ന വിവരം യഥാസമയം ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെടുത്താതെ ധാരാളംപേർ 10.11.2008.ന് ശേഷം സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതായി കാണുന്നു. പ്രമോഷൻ ലിസ്റ്റിൽ പേർ ഉൾപ്പെട്ടിരുന്നതിനാൽ തങ്ങൾക്കും പ്രമോഷൻ ലഭിച്ചിട്ടുണ്ട് എന്ന തെറ്റായ ധാരണയിൽ ഇവർ സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ആയി സർവ്വീസിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ഇവരുടെ പ്രമോഷൻ റദ്ദായിട്ടുണ്ട്. എൽ.ഡബ്ല്യു.എ. കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ച വിവരം ഉചിതമാർഗ്ഗേണ ഈ ആഫീസിൽ അറിയിക്കുന്ന മുറയ്ക്ക് മാത്രമേ ഇവർക്ക് പ്രമോഷൻ ലഭിക്കുകയുള്ളൂ.

പ്രസ്തുത കാരണത്താൽ ഈ ലിസ്റ്റിൽ ബാക്കി നിൽക്കുന്ന അപാകതകൾ കൂടി പരിഹരിച്ച് സൂചന(2) പ്രകാരം താൽക്കാലിക പ്രമോഷൻ റെഗുലറൈസ് ചെയ്യുന്നതിലേക്ക് വേണ്ടിയുള്ള ലിസ്റ്റ് ആരോഗ്യ വകുപ്പിന്റെ

ഔദ്യോഗ വെബ്സൈറ്റ് www.dhs.kerala.gov.in.ൽ ഇ.ഇ5-63646/2007/ആ.വ.ഡ എന്ന നമ്പർ പ്രകാരം ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ ലിസ്റ്റ് വിശദമായി പരിശോധിച്ച് ചുവടെ ചേർക്കുന്ന ഏതെങ്കിലും അപാകതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അക്കാര്യം ഇതോടൊപ്പമുള്ള പ്രഫോർമയിൽ ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

1. ലിസ്റ്റിൽ ക്രമനമ്പർ 3359.ന് മുമ്പായി പേര് ചേർക്കപ്പെട്ടിട്ടുള്ള ആരെങ്കിലും 10.11.2008 മുതൽ എൽ.ഡബ്ല്യൂ.എ എടുത്തിരുന്നുവെങ്കിൽ അഥവാ എൽ.ഡബ്ല്യൂ എ.യിൽ തുടരുകയാണെങ്കിൽ.

2. അർഹരായ ആരുടെയെങ്കിലും പേര് ലിസ്റ്റിൽ വിട്ടുപോയിട്ടുണ്ടെങ്കിൽ

3. അന്തർ ജില്ലാ സ്ഥലംമാറ്റം/പി.എസ്.സി.മുഖേന മറ്റു ജില്ലയിൽ വീണ്ടും ലഭിച്ച നിയമനം/ജോയിനിംഗ് ടൈം ദീർഘിപ്പിക്കൽ തുടങ്ങി ഏതെങ്കിലും വിധത്തിൽ ആരുടെയെങ്കിലും പേര് തെറ്റായി സീനിയോറിറ്റിക്ക് കണക്കാക്കിയിട്ടുണ്ടെങ്കിൽ (ഇക്കാര്യം പരിശോധിക്കുന്നതിലേക്കായി 1990-02.ലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 സീനിയോറിറ്റിലിസ്റ്റ് കൂടി റഫർ ചെയ്യാവുന്നതാണ്.)

4. ഇവയ്ക്ക് പുറമേ മറ്റ് ഏതെങ്കിലും വിധത്തിലുള്ള അപാകതകൾ വന്നിട്ടുണ്ടെങ്കിൽ

ഇതിലേക്കായി ഈ സർക്കുലറിന്റെയും പ്രഫോർമയുടെയും പകർപ്പ് എല്ലാ സ്ഥാപന മേധാവികൾക്കും അയക്കുവാനും ലിസ്റ്റ് വെബ്സൈറ്റ് മുഖാന്തിരം പരിശോധിക്കുവാൻ വേണ്ട നിർദ്ദേശം അവർക്ക് നൽകുവാനുമുള്ള നടപടി ക്രമങ്ങൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ സ്വീകരിക്കേണ്ടതാണ്.സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 പ്രമോഷൻ ലിസ്റ്റ് റെഗുലറൈസ് ചെയ്യുന്നതിനും തുടർന്ന് ഗ്രേഡ്-1.ന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കുമെന്നതിനാൽ ലിസ്റ്റ് സസൂക്ഷ്മം പരിശോധിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുവാൻ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ലഭിക്കുന്ന അപ്പീലുകൾ ഏപ്രിൽ.15.ന് മുമ്പായി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അപ്പീലുകൾ ഒന്നും ലഭിച്ചിട്ടില്ലായെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്.

P. Prema

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി.